**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3203** **11-03-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ. കെ. രമ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം കൂടിവരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താനും തെറ്റായ സൗഹൃദങ്ങളിൽ പെടുന്നത് തടയാനും വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പദ്ധതികൾ വ്യക്തമാക്കാമോ; | (എ) | വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം കൂടിവരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താനും തെറ്റായ സൗഹൃദങ്ങളിൽ പെടുന്നത് തടയാനും വിദ്യാഭ്യാസ വകുപ്പ് വിവിധ രീതിയിലുള്ള പരിപാടികളാണ് സംഘടിപ്പിച്ച് വരുന്നത്.സ്കൂൾ കുട്ടികളിൽ ഉള്ള മാനസിക ആരോഗ്യപ്രശ്നങ്ങളുടെ വ്യാപനവും തോതും കണ്ടെത്തുന്നതിനും അത് എങ്ങനെയെല്ലാമാണ് പരിഹരിക്കേണ്ടത് എന്നും മനസ്സിലാക്കുന്നതിനുവേണ്ടി വിപുലമായ ഒരു പഠനം എസ് സി ഇ ആർ ടി യുടെ ആഭിമുഖ്യത്തിൽ നടത്തുകയും റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സ്കൂൾ വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന മനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ സുസ്ഥിതി ഉറപ്പാക്കുന്നതിനും എന്തെല്ലാം പരിപാടികളാണ് ഏറ്റെടുത്തു നടപ്പാക്കുന്നത് എന്നും ഇത്തരം പരിപാടികൾ നടപ്പാക്കുന്നതിനുള്ള നയസമീപനം എന്തായിരിക്കണമെന്നും വിശദമാക്കുന്ന ഒരു സമീപനരേഖയും എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുണ്ട്. കുട്ടികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾക്ക് കുട്ടികളെ മാത്രം കേന്ദ്രീകരിച്ചല്ല പരിഹാരം തേടേണ്ടത് എന്നും കുട്ടികളുമായി ഇടപെടുന്ന മുതിർന്ന ആളുകളെ കൂടി ഭാഗഭാക്കാക്കി കൊണ്ടുവേണം ഇത്തരം പ്രശ്നപരിഹരണ ശ്രമങ്ങൾ നടപ്പാക്കേണ്ടത് എന്നും ഈ രേഖ പറയുന്നുണ്ട്. കുട്ടികൾ അഭിമുഖീകരിച്ച വിവിധങ്ങളായ വെല്ലുവിളികൾ എന്തെല്ലാമാണ് ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത് എന്നതിനെ സംബന്ധിച്ച നിർദ്ദേശങ്ങളും ഈ പഠനം മുന്നോട്ടു വയ്ക്കുന്നുണ്ട്. വിദ്യാഭ്യാസത്തിൽ അക്കാദമികമായ വികാസത്തോടൊപ്പം തന്നെ സാമൂഹ്യ വൈകാരിക |

വികാസത്തിനും പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകത ഈ പഠനം ചൂണ്ടിക്കാണിക്കുന്നുണ്ട്.

നിലവിൽ ഹയർ സെക്കന്ററി തലത്തിൽ കുട്ടികളുടെ മാനസികാരോഗ്യ സംബന്ധമായ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിനും അവർക്ക് പിന്തുണ നൽകുന്നതിനും വേണ്ടി സൗഹൃദ എന്ന പേരിൽ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ കോർഡിനേറ്റർമാരായ അധ്യാപകർക്ക് വിവിധ തലങ്ങളിലുള്ള പരിശീലനങ്ങൾ സംഘടിപ്പിച്ചു വരുന്നുണ്ട് . ഹൈസ്കൂൾ തലത്തിലുള്ള കുട്ടികളുടെ മനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി സ്കൂളകളിൽ വനിതാ ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. കൂടാതെ എല്ലാ അധ്യാപകരേയും പ്രൈമറി കൗൺസിലിംഗിനുള്ള പ്രാപ്തിയുള്ളവരാക്കുകയും കുട്ടികൾക്ക് ഗൈഡൻസ് നൽകാനുള്ള ശേഷി ഉണ്ടാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിൽ ഉള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നുണ്ട്.

ഈ മേഖലയിൽ അധ്യാപകർക്ക് പരിശീലനം നൽകുന്നതിനു വേണ്ടി 'നന്മ പൂക്കുന്ന നാളേക്ക്' എന്ന പേരിൽ ഹാന്റ് ബുക്കുകളും എസ് സിഇആർടി തയ്യാറാക്കിയിട്ടുണ്ട്. കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ആദ്യഘട്ടത്തിൽ അധ്യാപകർ തന്നെ ഇടപെടുകയും ആവശ്യമായ സമയങ്ങളിൽ കൗൺസിലർമാരുടെ സഹായം തേടുകയും ചെയ്യുക എന്നതാണ് നിലവിലെ രീതി. കൗൺസിലർമാർ ആവശ്യമായ ഘട്ടങ്ങളിൽ വനിതാ ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പാരന്റൽ ക്ലിനിക്കുകളുടെയും സൈക്കോളജിസ്റ്റുകളുടെയും സഹായം തേടുകയും ചെയ്യുന്നു. നിലവിൽ എല്ലാ സ്കൂളുകളിലും കൗൺസിലർമാരുടെ സേവനം ലഭ്യമാക്കാൻ കഴിയുന്നില്ല എന്ന പരിമിതിയുണ്ട്. എന്നിരുന്നാലും മുഴുവൻ അധ്യാപകരെയും ഒരു പ്രാഥമിക കൗൺസിലർ എന്ന നിലയിൽ കൂടി പ്രവർത്തിക്കാൻ കഴിയത്തക്ക രീതിയിൽ ശാക്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇനിയും ഏറ്റെടുത്തു നടപ്പിലാക്കുന്നതാണ്.

സൗഹൃദ ക്ലബ്ബുള്ള 1680 ഹയർസെക്കന്ററി സ്കൂളുകളിൽ നിന്നും തിരഞ്ഞെടുത്ത 2 വീതം കുട്ടികൾക്ക് "Student Convenors Training -ന്റെ ഭാഗമായി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗത്തെപ്പറ്റിയും അതുയർത്തുന്ന ആരോഗ്യ പ്രശ്നങ്ങളേപ്പറ്റിയും പരിശീലനം നൽകുന്നുണ്ട്. കൂടാതെ സൗഹൃദ ക്ലബ്ബിന്റെ ഡ്രോപ് ബോക്സിൽ ലഹരി പദാർത്ഥങ്ങളുമായി

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ എക്സൈസ് വകുപ്പിന് കൈമാറാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്.<br><br>എല്ലാ ഹയർസെക്കന്ററി സ്കൂളുകളിലും'മക്കളെ അറിയാൻ'എന്ന പേരിൽ ശരിയായ രക്ഷകർതൃത്വമായി ബന്ധപ്പെട്ട് ഒരു session നൽകി വരുന്നുണ്ട്. അതിന് ഡോക്ടേഴ്സ് ആണ് സാധാരണ ഗതിയിയിൽ നേതൃത്വം നൽകാറുള്ളത്. ഈ ഒരു module ൽ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് ഒരു session കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.സംസ്ഥാനത്തെ എല്ലാ ഹയർസെക്കന്ററി സ്കൂളിലും ഈ പദ്ധതി നടത്താനുള്ള നിർദ്ദേശം നൽകുകയും ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>തിരുവനന്തപുരം മെഡിക്കൽ കോളേജ് ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററുമായി ചേർന്ന് വിദ്യാർത്ഥികളുടെ ഇടയിലുള്ള ജീവിതശൈലി രോഗങ്ങൾ തടയുന്നതിനായി" Life Style Disease Screening and Intervention programme "മുഴുവൻ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിലും നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം ജീവിതശൈലി രോഗനിർണ്ണയ വേളയിൽ വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. ഇത്തരം ആരോഗ്യപരമായ പ്രശ്നങ്ങളുള്ള വിദ്യാർത്ഥികളെ തൊട്ടടുത്ത പി.എച്ച്.സികളുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. |
| (ബി) | വിദ്യാർത്ഥികളിൽ കല, കായിക, സാംസ്കാരിക മേഖലകളിൽ അഭിരുചി വളർത്തിയെടുക്കുന്നതിലൂടെ അവരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താനും ലഹരി അടക്കമുള്ള കാര്യങ്ങളിലേക്ക് വഴിമാറിപോകുന്നത് തടയാനും സാധിക്കുമെന്നത് വസ്തുതയല്ലേ; വിശദമാക്കാമോ; | (ബി) | വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്യാംപെയിനിൽ, വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗവും ആസക്തിയും തടയാൻ ലക്ഷ്യമിട്ടുള്ള വിവിധ പ്രവർത്തന പദ്ധതികൾ സർക്കാർ നടപ്പിലാക്ക വരുന്നു. ലഹരി ഉപയോഗം കൂടിവരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ മാനസികരോഗ്യം മെച്ചപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കന്ററി വിഭാഗമുൾപ്പെടെ ലഹരി വസ്തുക്കൾക്കെതിരെയുള്ള ബോധവത്കരണം, സമൂഹത്തെ ശാക്തീകരിക്കൽ, ആരോഗ്യകരമായ ജീവിതശൈലി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പിന്തുണ സംവിധാനങ്ങൾ എന്നിവയാണ് ഇതിൽ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | സ്കൂൾ തലത്തിൽ നടത്തേണ്ട ജാഗ്രതാ പ്രവർത്തനങ്ങൾ, ജനജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ എല്ലാ വിദ്യാലയങ്ങൾക്കും നൽകിയിരുന്നു. ലഹരിവിരുദ്ധ ബോധവൽക്കരണത്തോടൊപ്പം കുട്ടികളെ ഇതിൽ നിന്ന് പിൻതിരിപ്പിക്കുന്നതിന് അധ്യാപകരെ ശക്തരാക്കുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>ലഹരിക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും, കുട്ടികളെ നിരീക്ഷിക്കുന്നതിനും വേണ്ടി എക്സൈസ് വകുപ്പുമായി ചേർന്ന് സ്കൂളിൽ Prahari club/Children's Club, Anti narcotic club രൂപീകരിക്കുകയും, കല കായിക പരിപാടികൾ സംഘടിപ്പിക്കുന്നുമുണ്ട്.ലഹരി വിരുദ്ധ സദസ്സ്, ആന്റി ഡ്രഗ് പാർലമെൻറ്,സ്കൂൾ പ്രത്യേക അസംബ്ലി എന്നിവ ഇതിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്. എക്സൈസ് വകുപ്പുമായി ചേർന്ന് ഉണർവ്,ടീം വിമുക്തി എന്നി പദ്ധതികളിലൂടെ സ്പോർട്സ് ടീമിനെ സജ്ജീകരിച്ചിട്ടുണ്ട് .<br><br>തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ജാഗ്രത ബ്രിഗേഡ് എന്ന രീതിയിൽ മുപ്പത് മുതൽ അമ്പത് വരെ കുട്ടികളുടെ ഗ്രൂപ്പ് രൂപപ്പെടുത്തുകയും അവരിലൂടെ വിദ്യാലയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നു. കലാ- കായിക, ദന്ത സംരക്ഷണം ഉൾപ്പെടെയുള്ള ആരോഗ്യ പരിപാടികൾ, വ്യക്തിത്വ വികസന പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു.സെമിനാറുകൾ ,മാഗസിൻ തയ്യാറാക്കൽ,പ്രസംഗ മത്സരങ്ങൾ, ഹ്രസ്വ സിനിമ പ്രദർശനങ്ങൾ തുടങ്ങിയ കലാ പ്രവർത്തനങ്ങൾ ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | എങ്കിൽ വിദ്യാർത്ഥികളിൽ കലാകായിക-സാംസ്കാരിക മേഖലകളിൽ അഭിരുചി വളർത്തിയെടുക്കാൻ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്യാംപെയിനിൽ, വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗവും ആസക്തിയും തടയാൻ ലക്ഷ്യമിട്ടുള്ള വിവിധ പ്രവർത്തന പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു. ലഹരി ഉപയോഗം കൂടിവരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിന് |

പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കന്ററി വിഭാഗമുൾപ്പെടെ ലഹരി വസ്തുക്കൾക്കെതിരെയുള്ള ബോധവത്കരണം, സമൂഹത്തെ ശാക്തീകരിക്കൽ, ആരോഗ്യകരമായ ജീവിതശൈലി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പിന്തുണ സംവിധാനങ്ങൾ എന്നിവയാണ് ഇതിൽ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്.

സ്കൂൾ തലത്തിൽ നടത്തേണ്ട ജാഗ്രതാ പ്രവർത്തനങ്ങൾ, ജനജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ എല്ലാ വിദ്യാലയങ്ങൾക്കും നൽകിയിരുന്നു. ലഹരിവിരുദ്ധ ബോധവൽക്കരണത്തോടൊപ്പം കുട്ടികളെ ഇതിൽ നിന്ന് പിൻതിരിപ്പിക്കുന്നതിന് അധ്യാപകരെ ശക്തരാക്കുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

ലഹരിക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും, കുട്ടികളെ നിരീക്ഷിക്കുന്നതിനും വേണ്ടി എക്സൈസ് വകുപ്പുമായി ചേർന്ന് സ്കൂളിൽ Prahari club/Children's Club, Anti narcotic club രൂപീകരിക്കുകയും, കല കായിക പരിപാടികൾ സംഘടിപ്പിക്കുന്നുമുണ്ട്.ലഹരി വിരുദ്ധ സദസ്സ്, ആന്റി ഡ്രഗ് പാർലമെൻറ്,സ്കൂൾ പ്രത്യേക അസംബ്ലി എന്നിവ ഇതിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്. എക്സൈസ് വകുപ്പുമായി ചേർന്ന് ഉണർവ്,ടീം വിമുക്തി എന്നി പദ്ധതികളിലൂടെ സ്പോർട്സ് ടീമിനെ സജ്ജീകരിച്ചിട്ടുണ്ട് .

തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ജാഗ്രത ബ്രിഗേഡ് എന്ന രീതിയിൽ മുപ്പത് മുതൽ അമ്പത് വരെ കുട്ടികളുടെ ഗ്രൂപ്പ് രൂപപ്പെടുത്തുകയും അവരിലൂടെ വിദ്യാലയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നു. കലാ- കായിക, ദന്ത സംരക്ഷണം ഉൾപ്പെടെയുള്ള ആരോഗ്യ പരിപാടികൾ, വ്യക്തിത്വ വികസന പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു.സെമിനാറുകൾ ,മാഗസിൻ തയ്യാറാക്കൽ,പ്രസംഗ മത്സരങ്ങൾ ഹ്രസ്വ സിനിമ പ്രദർശനങ്ങൾ തുടങ്ങിയ കലാ പ്രവർത്തനങ്ങൾ ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ